# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ചടയമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAK LM/P3/1845/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 21/11/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചടയമംഗലം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചടയമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചടയമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAK LM/P3/1845/2023 തീയ്യതി: 21/11/2023

## കൊല്ലം ജില്ലയിലെ ചടയമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചടയമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2022 മുതൽ 19-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-09-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ കുമാർ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2023 | 31-10-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-10-2023 | 31-10-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഐസക് ജോൺ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ. അരുൺകുമാർ എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. രാജൻ വി ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ജയകുമാരിഅമ്മ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജെ.വി.ബിന്ദു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീകുമാരി.റ്റി.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 15-06-2022 |
| ശ്രീ.സജുകുമാർ.വി.എസ് | സെക്രട്ടറി | 16-06-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീകുമാരി.റ്റി.വി | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.അമ്പിളി | അസി.എൻജിനീയർ | 01-04-2022 | 13-09-2022 |

| | | | |
|---|---|---|---|
| ശ്രീ.രാജീവ് | അസി.എൻജിനീയർ | 14-09-2022 | 31-03-2023 |
| ഡോ.ജ്യോതിലാൽ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-04-2022 | 31-07-2022 |
| ഡോ.സുചിത്ര | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-08-2022 | 31-03-2023 |
| ഡോ.മനോജ്.ജി.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി.അമ്പിളി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 26-01-2023 |
| ശ്രീമതി.ഷൈബി.ആർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 27-01-2023 | 31-03-2023 |
| ശ്രീമതി.പാർവ്വതി ചന്ദ്രൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.രജിത.എസ് | വി.ഇ.ഒ | 01-04-2022 | 20-07-2022 |
| ശ്രീമതി.സന്ധ്യ.സി.എസ് | വി.ഇ.ഒ | 21-07-2022 | 31-03-2023 |
| ശ്രീ.അരുൺകുമാർ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഗീതാകുമാരി.വി.എസ് | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ഡോ.മനേഷ് കുമാർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീ. സതീഷ് കുമാർ ഒ. എ. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ലീനമോൾ കെ | വെറ്ററിനറി സർജൻ | 01-04-2022 | 30-01-2023 |
| ഡോ. സിനു വർഗീസ് | വെറ്ററിനറി സർജൻ | 31-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പണമാകാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല. | 1-1.12 |
| 2 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 3 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1.05 |
| 4 | ലൈഫ് സ്റ്റേറ്റ് ഷെയർ-ചെലവുതുക വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1.06 |
| 5 | ജില്ലാ പഞ്ചായത്ത് വിഹിതം ചെലവു തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1.07 |
| 6 | വിവിധ ശീർഷകങ്ങളിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല. | 1-1.09 |
| 7 | വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അക്കൗണ്ടുകളുടെ നീക്കിയിരുപ്പ് ബാങ്ക് ബുക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1.08 |
| 8 | നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടില്ല. | 1-1.10 |
| 9 | വരവിനങ്ങളുടെ രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-1.11 |
| 10 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല | 1-1.01 |
| 11 | ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല. | 1-1.02 |
| 12 | വിവിധ ഫണ്ടുകളുടെ ചെലവ് സുലേഖ, വാർഷിക ധനകാര്യ പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. | 1-1.03 |
| 13 | CFC-Tied ചെലവുതുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1.04 |
| 14 | സി.എഫ്.സി. ടൈഡ് & അൺടൈഡ് - നീക്കിയിരിപ്പ് തുക ബാങ്ക് ബുക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1.13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 17 | ഫണ്ട് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് പരിശോധന | 1-8 |
| 22 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | മേഖല, വഴി സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്. | 1-11 |
| 25 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നഷ്ടം | 1-12 |
| 26 | വാടക ഈടാക്കിയില്ല. | 1-13 |
| 27 | ജി.എസ്.ടി. ഈടാക്കിയില്ല. | 1-14 |
| 28 | തൊഴിൽ നികുതി ഈടാക്കിയില്ല. | 1-15 |
| 29 | റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല. | 1-16 |
| 30 | തനതുവരുമാന വർദ്ധനവ്- സേവന ഉപനികുതി ഈടാക്കാവുന്നതാണ് | 1-17 |
| 31 | വസ്തു നികുതി പരിഷ്ക്കരണം 2023-24 | 1-18 |
| 32 | സാന്ത്വന പരിചരണം പദ്ധതി -KMSCL ൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-19 |
| 33 | ഹോംകോയിൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. | 1-20 |
| 34 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-21 |
| 35 | ഹരിത കർമ്മസേനയ്ക്ക് വാങ്ങിയ വാഹനം ഉപയോഗപ്രദമല്ല | 1-22 |

| | | |
|---|---|---|
| 36 | പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ - സംയുക്ത പരിശോധന നടത്തിയില്ല. | 1-23 |
| 37 | ഭവനപുനരുദ്ധാരണം- പണികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 1-24 |
| 38 | ലൈഫ് ഭവനപദ്ധതി (സ്റ്റാറ്റസ് റിപ്പോർട്ട്) | 1-25 |
| 39 | പഞ്ചായത്ത് ലൈബ്രറി പ്രവർത്തനക്ഷമമല്ല - അടിയന്തിര ഇടപെടലുകൾ അനിവാര്യം | 1-26 |
| 40 | പ്രോജക്ട് നമ്പർ-61/23-റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - പ്രോജക്ട് പൂർത്തീകരിച്ചില്ല | 1-27 |
| 41 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. | 1-28 |
| 42 | തെരുവ് വിളക്ക് മെയിന്റനൻസ് - അധികച്ചെലവ് നിരാകരിയ്ക്കുന്നു. | 1-29 |
| 43 | ഹരിതകർമസേന -പ്രവർത്തനം | 1-30 |
| 44 | നടപ്പിലാക്കാത്ത പ്രോജക്ടുകൾ | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | തെരുവ് വിളക്ക് മെയിന്റനൻസ് - അധികച്ചെലവ് നിരാകരിയ്ക്കുന്നു. | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1
## പൊതു അവലോകനം

**1-1.12 പണമാകാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല.**

കേരള ബാങ്ക് – തനതുഫണ്ട് അക്കൗണ്ടിൽ (A/C No.111312801000066) Cheque Issued But Not Presented Into The Bank/ Treasuryഎന്ന ശീർഷകങ്ങളിൽ കാലഹരണപ്പെട്ട ചെക്കുകൾ ഉൾപ്പെടുത്തിയിരിക്കുന്നു. ആയത് Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| ചെക്ക് നം തീയതി | തുക (₹) |
|---|---|
| 302104/25.10.22 | 1,850/- |
| 300375/1.11.22 | 1,470/- |
| 300383/6.10.22 | 2,500/- |
| 300231/28.6.22 | 1,980/- |
| 307514/17.7.22 | 130/- |
| 301419/21.7.22 | 93/- |

**1-1 ഓഡിറ്റ് സാക്ഷ്യപത്രം**

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ ചടയമംഗലം ഗ്രാമപഞ്ചായത്തിന്റെ 31-03-2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 11.07.2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 19.07.2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം**

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടുകൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചടയമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**1-1.05 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.**

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലോൺ റീ-പേയ്മെന്റ് രജിസ്റ്റർ.

**1-1.06 ലൈഫ് സ്റ്റേറ്റ് ഷെയർ-ചെലവുതുക വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.**

ലൈഫ് സ്റ്റേറ്റ് ഷെയർ – ചെലവു തുക AFS പ്രകാരം – 53,30,000/-രൂപ.

ലൈഫ് സ്റ്റേറ്റ് ഷെയർ – ചെലവു തുക സുലേഖ പ്രകാരം – 53,86,360/-രൂപ.

**1-1.07 ജില്ലാ പഞ്ചായത്ത് വിഹിതം ചെലവു തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.**

ജില്ലാ പഞ്ചായത്ത് വിഹിതം ചെലവു തുക AFS പ്രകാരം – 19,85,980/- രൂപയും സുലേഖ പ്രകാരം – 21,37,794/-രൂപയുമാണ്.

**1-1.09 വിവിധ ശീർഷകങ്ങളിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.**

ബി-4 ഷെഡ്യൂളിലെ 320300199, 320200399 ശീർഷകങ്ങളിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

**1-1.08 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അക്കൗണ്ടുകളുടെ നീക്കിയിരുപ്പ്. ബാങ്ക് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.**

| ബാങ്ക്/അക്കൗണ്ട് നം. | ബാങ്ക് ബുക്ക് പ്രകാരമുള്ള തുക | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| ഇന്ത്യൻ ബാങ്ക് – 6173658549 | 11,82,476/-രൂപ | 21,53,413/-രൂപ |
| SBI-E-PAY – 37192812827 | 80,24,595/-രൂപ | 71,64,595/-രൂപ |

**1-1.10 നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടില്ല.**

അംഗൻവാടി കെട്ടിട നിർമ്മാണത്തിനായി (പ്രോജക്ട് നം. 139/23) NREGA -STATE MISSION-ലേക്ക് നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയുടെ (വിനിയോഗിക്കാൻ അവശേഷിക്കുന്ന തുകയുടെ) വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

**1-1.11 വരവിനങ്ങളുടെ രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല**

ലേലം, തൊഴിൽ നികുതി - ഡിസിബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

**1-1.01 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല**

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ.

**1-1.02 ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല.**

2022-23 ൽ വിവിധ ഫണ്ടുകളിൽ നിന്നും പേയ്മെന്റ് നൽകുന്നതിനായി ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതും എന്നാൽ തൻവർഷം പേയ്മെന്റ് ആകാത്തതുമായ ബില്ലുകൾ അതാത് ഫണ്ടുകളുടെ ACR ൽ നിന്നും ഒഴിവാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | പ്രോജക്ട് നം. | തുക (₹) |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 104/23 | 42,068/- |
| വികസന ഫണ്ട് (ജനറൽ) | 102/23 | 13,000/- |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 120/23 | 3,13,287/- |
| CFC-Tied | 29/23 | 6,800/- |

**1-1.03 വിവിധ ഫണ്ടുകളുടെ ചെലവ് സുലേഖ, വാർഷിക ധനകാര്യ പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.**

വികസന ഫണ്ട്-ജനറൽ, മെയി. ഗ്രാന്റ്-നോൺ-റോഡ് ചെലവു തുകകൾ സുലേഖ, വാർഷിക ധനകാര്യ പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ACR പ്രകാരം (₹) | AFS പ്രകാരം (₹) | സുലേഖ പ്രകാരം (₹) |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 1,59,75,410/- | 1,64,64,592/- | 1,37,60,934/- |
| മെയി. ഗ്രാന്റ്-നോൺ-റോഡ് | 56,36,000/- | 56,56,000/- | 56,33,605/- |

**1-1.04 CFC-Tied ചെലവുതുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.**

ACR പ്രകാരം – 40,50,197/-രൂപ

AFS പ്രകാരം – 41,44,206/-രൂപ

**1-1.13 സി.എഫ്.സി. ടൈഡ് & അൺടൈഡ് - നീക്കിയിരിപ്പ് തുക ബാങ്ക് ബുക്കുമായി പൊരുത്തപ്പെടുന്നില്ല**

നീക്കിയിരിപ്പിൽ 99,036/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

**1-2 ബജറ്റ്**

31/3/2022 ലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ പരിഷ്ക്കരിച്ച ബജറ്റ് 22/3/2023 ലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | ₹1,30,45,703/- |
| വരവ് | ₹5,38,43,443/- |
| ആകെ | ₹6,68,89,146/- |
| ചെലവ് | ₹4,28,71,589/- |
| നീക്കിയിരിപ്പ് | ₹2,40,17,557/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം /നിരാകരിക്കുന്ന തുക | ₹6,000/- |
| തടസ്സപ്പെടുത്തിയ തുക | ₹11,01,937/- |

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവു ചെവുകൾ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഇല്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | ഒ.ബി. (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | സി.ബി/ലാപ്സായ തുക(₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 16013000/- | 16013000/- | 15975410/- | 37590/- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 7125000/- | 7125000/- | 7125000/- | - |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | - | - | - | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 9094000/- | 9094000/- | 9094000/- | - |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 5656000/- | 5656000/- | 5656000/- | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Bank) (ACR പ്രകാരം) | 151491/- | 4396000/- | 4547491/- | 3309206/- | 1238285/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Bank) (ACR പ്രകാരം) | 1675189/- | 3071317/- | 4746506/- | 192000/- | 4554506/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Treasury (ACR പ്രകാരം) | - | 1171039/- | 1171039/- | 734191/- | 436848/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Treasury) (ACR പ്രകാരം) | - | 15979/- | 15979/- | 15979/- | - |
| ബി-ഫണ്ട് | - | 270840/- | 270840/- | 270840/- | - |
| സാക്ഷരത | 28864/- | - | 28864/- | - | 28864/- |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)** | | | | | |
| ICDS | 701192/- | 2287280/- | 2988472/- | 957696/- | 2030776/- |
| TSC | 2107222/- | 94217/- | 2201439/- | 48026/- | 2153413/- |
| MGNREGS | - | 1507732/- | 1507732/- | 1496114/- | 11618/- |
| **സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)** | | | | | |
| ലൈഫ് -സ്റ്റേറ്റ് ഷെയർ | 143525/- | 8000000/- | 8143525/- | 5330000/- | 2813525/- |

| | | | | | |
|---|---|---|---|---|---|
| Health Grant Towards Conversion Of PHCs And Subcenters Into Health And Welness Centers | - | 137430/- | 137430/- | 70000/- | 67430/- |
| ശുചിത്വ മിഷൻ | - | - | - | - | - |
| ഹെൽത്ത് ഗ്രാന്റ് | - | 273663/- | 273663/- | 136693/- | 136970/- |

1. ചുവടെ പറയുന്ന ചെലവുകൾ സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

| പ്രോജക്ട് നം. | ചെലവു തുക (₹) |
|---|---|
| 71/23 | 22,395/- |
| 101/23 | 3,00,000/- |

2. ജി.ഒ. പ്രോജക്ടു പ്രകാരം കുറവു ചെയ്ത തുകയ്ക്കനുസൃതമായി പ്രോജക്ട് രൂപീകരിച്ചിട്ടില്ല.

| | |
|---|---|
| ലൈഫ് | 15,09,008/- |
| ഹോണറേറിയം | 3,50,400/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 161 | 19,34,14,681/- | 133 | 6,09,39,549/- | - | 28 | 82.6 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | - | 15,07,732/- | 15,07,732/- | 1496114/- | 11618/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 5,02,70,857/- | 5,02,70,857/- | 5,02,70,857/- | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) |
|---|---|
| തൊഴിൽരഹിത വേതനം | 30,840/- |
| കർഷക തൊഴിലാളി പെൻഷൻ | 29,36,600/- |
| വിധവാ പെൻഷൻ | 1,68,35,600/- |
| വാർദ്ധക്യകാല പെൻഷൻ | 2,34,56,000/- |
| വികലാംഗ പെൻഷൻ | 36,00,200/- |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 1,22,600/- |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 2,40,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.10.2023 ൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,241/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുവെന്നതിന് രേഖയില്ല. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ കൃത്യതയോടെ മാസാവസാനം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. റീകൺസീലിയേഷനിലെ അപാകതകൾ

പരിഹരിക്കുന്നതിലേയ്ക്ക് പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

പഞ്ചായത്ത് മാർക്കറ്റിന്റെ ശോചനീയാവസ്ഥ പരിപരിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും അടിയന്തിര ഇടപെടലുകൾ അനിവാര്യമാണ്.
ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്റർ കൂടുതൽ കൃത്യതയുള്ളതാക്കേണ്ടതാണ്.
റോഡ് കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ലൈബ്രറിയുടെ ഭൗതികസാഹചര്യങ്ങൾ ശക്തിപ്പെടുത്തിയും പത്രങ്ങൾ/ആനുകാലികങ്ങൾ തുടങ്ങിയവ ലഭ്യമാക്കിയും പുസ്തകശേഖരം വിപുലീകരിച്ചും കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തിയും പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ലൈഫ് ഭവനപദ്ധതി – ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥരുടെയും മോണിട്ടറിംഗ് സമിതിയുടെയും നിരീക്ഷണവും തുടർനടപടികളും ഉണ്ടാകേണ്ടതാണ്.

കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല.
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്ക്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09/12/2022 | 01/08/2022 – 31/10/2022 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10/2/2021 | 2018-2021 | 19/5/2022 |

**1-11 മേഖല, വഴി സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്.**

വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയൽ, ഫോറം 6 എന്നിവ പരിശോധിച്ചതിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളായി രേഖപ്പെടുത്തി 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കിയും മേഖലാടിസ്ഥാനത്തിൽ ഇളവു വരുത്തിയും നികുതി നിർണ്ണയിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ/ കെട്ടിടത്തിന്റെ വിവരം | കെട്ടിട ഉടമയുടെ പേര് | കണക്കാക്കിയ വസ്തുനികുതി (₹) | ഈടാക്കേണ്ട വസ്തു നികുതി (₹) |
|---|---|---|---|
| XV /627/<br>ചടയമംഗലം-പള്ളിക്കൽ റോഡ്<br>പ്രഥമ മേഖല<br>110m2(പൌൾട്രി ഫാം) | ശ്രീമതി. ജസീന, കുന്നിൽ വീട്, കല്ലടത്തണ്ണി | അടിസ്ഥാന വസ്തുനികുതി-110*20 = 2200/-<br>മേഖലാ ഇളവ് 10%- (-) 220/-<br>മേൽക്കൂര (ഷീറ്റ്) ഇളവ് - 10%-(-) 220/-<br>ആകെ – 1848/-<br>(LC ഉൾപ്പെടെ) | അടിസ്ഥാന വസ്തുനികുതി-110*20=2200/-<br>മേൽക്കൂര(ഷീറ്റ്)ഇളവ്-10%-(-)220/-<br>വഴി സൗകര്യത്തിന്മേലുള്ള വർദ്ധനവ് 20%-(+) 440/-<br>ആകെ-2541/- (LC ഉൾപ്പെടെ) |

| | | | |
|---|---|---|---|
| IX/878<br>ചടയമംഗലം-ഇളമ്പഴന്നൂർ റോഡ്<br>പ്രഥമ മേഖല<br>വാണിജ്യാവശ്യം | ശ്രീ. ഷെമിൻ<br>കോട്ടുമല ഹൗസ്<br>ഇളമ്പഴന്നൂർ | അടിസ്ഥാന വസ്തുനികുതി-<br>23.18*50=1159<br>ആകെ -1217/-<br>(LC ഉൾപ്പെടെ) | അടിസ്ഥാന വസ്തുനികുതി-<br>23.18*50=1159/-<br>വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20%-/(+)<br>231.8/-<br>ആകെ-1461/- (LCഉൾപ്പെടെ) |
| IV/552<br>വേലൻമുക്ക്-<br>തണ്ണിപ്പുറം റോഡ്<br>പ്രഥമ മേഖല<br>വാണിജ്യാവശ്യം | ശ്രീ.<br>ശശിധരൻപിള്ള,<br>സരസ്വതി<br>വിലാസം,<br>ചടയമംഗലം | അടിസ്ഥാന വസ്തുനികുതി-<br>17.8*50=890/-<br>മേഖലാ ഇളവ് 10%-(-)89/-<br>വഴി സൗകര്യത്തിന്മേലുള്ള വർദ്ധനവ് 20% –<br>(+) 178/-<br>ആകെ-1028/- (LCഉൾപ്പെടെ) | അടിസ്ഥാന വസ്തുനികുതി-<br>17.8*50=890/-<br>വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20%-<br>(+) 178/-<br>ആകെ-1121/- (LCഉൾപ്പെടെ) |
| IV/553<br>വേലൻമുക്ക്-<br>തണ്ണിപ്പുറം റോഡ്<br>പ്രഥമ മേഖല<br>വാണിജ്യാവശ്യം | ശ്രീ.<br>ശശിധരൻപിള്ള,<br>സരസ്വതി<br>വിലാസം,<br>ചടയമംഗലം | അടിസ്ഥാന വസ്തുനികുതി-<br>25.6*50=1280/-<br>മേഖലാ ഇളവ് 10%-(-)128/-<br>വഴി സൗകര്യത്തിന്മേലുള്ള വർദ്ധനവ് 20%-<br>(+) 384/-<br>ആകെ-1613/- (LCഉൾപ്പെടെ) | അടിസ്ഥാന വസ്തുനികുതി-<br>25.6*50=1280/-<br>വഴി സൗകര്യത്തിന്മേലുള്ള വർദ്ധനവ് 20%-<br>(+)384/-<br>ആകെ-1747/- (LCഉൾപ്പെടെ) |
| IX/881<br>ചടയമംഗലം-പോരേടം റോഡ്<br>പ്രഥമ മേഖല<br>വാണിജ്യാവശ്യം | ശ്രീമതി. ഉമാദേവി<br>അന്തർജ്ജനം,<br>ഇന്ദിരാ ഭവൻ,<br>ചടയമംഗലം | അടിസ്ഥാന വസ്തുനികുതി-<br>75.93*50=3796.50/-<br>ആകെ-3986.35/-<br>(LCഉൾപ്പെടെ) | അടിസ്ഥാന വസ്തുനികുതി-<br>75.93*50=3796.50/-<br>വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20%-<br>(+) 759/-<br>ആകെ-4784/-(LCഉൾപ്പെടെ) |

മേൽപ്രകാരം ഇളവുനൽകിയും വർദ്ധനവുവരുത്താതെയും നികുതി നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേഖലാ ഇളവ് വരുത്തിയും റോഡിന്റെ തരം തെറ്റായി നല്കി വഴി സൗകര്യത്തിന്മേലുള്ള വർദ്ധനവ് വരുത്താതെയും വസ്തു നികുതിയിന്മേൽ ഇളവു അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 13 /30.10.2023.**

**1-12 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നഷ്ടം**

ശ്രീമതി. ഇന്ദിര അമ്മ, പണയിൽ വീട് & ശ്രീ. ബിജി, പ്രണവം എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള നം. 177.7 $M^2$ ($83m^2$+94.7) വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് 5/705, 5/706 എന്നീ കെട്ടിട നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നു. 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്ര മീറ്ററിന് 60/-രൂപയായും 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്ര മീറ്ററിന് 50/-രൂപയായും ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട ഫോറം 6 പരിശോധിച്ചതിൽ മേൽ കെട്ടിടങ്ങൾക്ക് 50/-രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. നികുതി കുറവായി നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. ആയതു പ്രകാരം നികുതി പുനർനിർണ്ണയിച്ച് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

**എൻക്വയറി നം. 17/30.10.23**

**1-13 വാടക ഈടാക്കിയില്ല.**

2022-23 ലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് വാടകയ്ക്ക് നൽകിയിട്ടുള്ള കടമുറികളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ക്രമ നം. | കടമുറി നം. | വാടകക്കാരന്റെ പേര് | മാസ വാടക (₹) | വാടക കുടിശ്ശിക (₹) |
|---|---|---|---|---|
| 1 | ഷോപ്പിംഗ് കോംപ്ലക്സ്-റൂം നം. 1 | ശ്രീ. പുഷ്പാകരൻ, പാറവിളവീട് | 2,350/- | 2350*12 |
| 2 | റൂം നം. 4 | ശ്രീ. നിസ്സാം, നവാസ് മൻസിൽ | 2,782/- | 2782*11 |
| 3 | മാർക്കറ്റ് സ്റ്റാൾ റൂംനം. 6 | ശ്രീ. നിസ്സാം, നവാസ് മൻസിൽ | 2,782/- | 2782*11 |
| 4 | റൂം നം. 7 | ശ്രീ. നിസ്സാം, നവാസ് മൻസിൽ | 2,782/- | 2782*2 |
| 5 | റൂം നം. 4 | ശ്രീ. പ്രേം ബാബു, പൊയ്കവിള വീട് | 3,345/- | 3345*1 |

മേൽ കടമുറികളുടെ വാടക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് RR നടപടി സ്വീകരിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കി. ക്രമ നം. 2, 3, 4 ൽ പ്രതിപാദിച്ചിട്ടുള്ള കെട്ടിടങ്ങൾ ശ്രീ. നിസ്സാം, നവാസ് മൻസിൽ എന്നയാളാണ് വാടകയ്ക്കെടുത്തിട്ടുള്ളത്. ടിയാന്റെ ഡെപ്പോസിറ്റ് തുകയായ 23,850/-രൂപ കഴിച്ച് ശേഷിക്കുന്ന 42,918/-രൂപയ്ക്ക് RR സ്വീകരിച്ചിട്ടുള്ളതായി ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. എന്നാൽ ആയതു സംബന്ധിച്ച രജിസ്റ്റർ, രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. കട മുറികളുടെ വാടക കുടിശ്ശിക ജി.എസ്.ടി. ഉൾപ്പെടെ ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**എൻക്വയറി നം.10/28.10.23.**

**1-14 ജി.എസ്.ടി. ഈടാക്കിയില്ല.**

പഞ്ചായത്ത് വാടകയ്ക്ക് നൽകിയിട്ടുള്ള കടമുറികളുടെ വാടകയ്ക്കൊപ്പം ജി.എസ്.ടി. ഈടാക്കിയിട്ടില്ല. സംസ്ഥാന ചരക്കുസേവനനികുതി വകുപ്പ് ജോയിൻ കമ്മീഷണറുടെ 20/02/2019 CT/ 1911/2019-A1 GSTC കത്ത് പ്രകാരം നൽകിയ വിശദീകരണത്തിൽ വാടക ചരക്കുസേവനനികുതി നിയമം 2017 പ്രകാരം സേവനത്തിന്റെ പരിധിയിൽ വരുന്നതിനാൽ 18% ജി.എസ്.ടി. ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് ജി.എസ്.ടി. ഈടാക്കിയിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി. വാടകയ്ക്കൊപ്പം 18% ജി.എസ്.ടി. ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

**എൻക്വയറി നം. 10/28.10.23.**

**1-15 തൊഴിൽ നികുതി ഈടാക്കിയില്ല.**

2022-23 ലെ തൊഴിൽനികുതി രജിസ്റ്റർ, സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് വ്യക്തമായി.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | റബ്ബർ ബോർഡ് | I&II |
| 2 | ദേവസ്വം സബ് ഗ്രൂപ്പ് ഓഫീസ് | I&II |
| 3 | മാവേലി സ്റ്റോർ, പോരേടം | I&II |
| 4 | കല്ലുവിള ബ്രിക്ക്സ് | II |
| 5 | ഗുരുചന്ദ്രിക ബിൽഡേഴ്സ് & പ്രോപ്പർറ്റി പ്രൈവറ്റ് ലിമിറ്റഡ് | II` |
| 6 | അഡ്വെഞ്ചർ പാർക്ക് | I&II |
| 7 | ജഡായു സ്ക്കൾപ്ച്ചർ & മ്യൂസിയം | I&II |

**സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.**

പഞ്ചായത്ത് പരിധിയിലുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | റബ്ബർ ബോർഡ് | I&II |
| 2 | മാവേലി സ്റ്റോർ, പോരേടം | I&II |
| 3 | മുത്തൂറ്റ് ഓട്ടോമൊബൈൽ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | II |
| 4 | റിലയൻസ് SMSL & റീട്ടെയിൽ ലിമിറ്റഡ് | II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

**എൻക്വയറി നം. 9/28.10.23.**

**1-16 റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല.**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും, മാവേലി സ്റ്റോറുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമ നം. 149). ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്.)എ 9-764/2019 സർക്കുലർ പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ റേഷൻ കടകളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**1-17 തനതുവരുമാന വർദ്ധനവ്- സേവന ഉപനികുതി ഈടാക്കാവുന്നതാണ്**

എല്ലാ കെട്ടിട ഉടമകളും പഞ്ചായത്ത് നൽകുന്ന എല്ലാ സേവനങ്ങളും ഉപയോഗിക്കുന്നുണ്ടെങ്കിലും നിലവിൽ ഗ്രാമപ്പഞ്ചായത്തിൽ സേവന ഉപനികുതി പിരിക്കുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി സ്ഥിതി ചെയ്യുന്ന ഏതൊരു കെട്ടിടത്തിനും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ, സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്ക് പരിപാലനം, ഡ്രെയിനേജ് എന്നിവ ഏർപ്പെടുത്തുന്നതിലേക്ക് ചട്ടം 27 പ്രകാരമുള്ള നിരക്കിൽ കുറയാതെ സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ സേവനങ്ങൾക്കായി ഗ്രാമപ്പഞ്ചായത്തിൽ നിന്നും തുക ചെലവഴിക്കുന്നതിനാൽ കേരള പഞ്ചായത്ത് രാജ് ആക്ട് 207(1) പ്രകാരം ഒഴിവാക്കിയ കെട്ടിടങ്ങൾ ഒഴികെ എല്ലാ കെട്ടിടങ്ങിളിൽ നിന്നും സേവന ഉപനികുതി ഈടാക്കാവുന്നതാണ്. ആയതിനാൽ സേവന

ഉപനികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ ഭരണ സമിതി അംഗീകാരത്തോടെ സ്വീകരിക്കാവുന്നതാണ്.

**1-18 വസ്തു നികുതി പരിഷ്ക്കരണം 2023-24**

സ.ഉ.(കൈ)നം. 77/2023/തസ്വഭവ തീയതി 22.03.2023ലെ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം 2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. 2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് നികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം. 25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ വിജ്ഞാപനപ്രകാരം 20.06.2023 ലെ 2(1) നമ്പർ തീരുമാനം അനുസരിച്ച് ഭരണ സമിതി അന്തിമ നിരക്കുകൾ അംഗീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ ഉത്തരവു പ്രകാരം 2023-24 ലെ വസ്തു നികുതി പരിഷ്ക്കരണത്തിലൂടെ നികുതി വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

**എൻക്വയറി നം. – 14/30.10.2023.**

**1-19 സാന്ത്വന പരിചരണം പദ്ധതി -KMSCL ൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല**

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സാന്ത്വന പരിചരണം (പ്രോജക്ട് നം. 10/23, 168/23) പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയിട്ടും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ഫണ്ടിനം. | കെ.എം.എസ്. സി.എൽ-ന് നൽകിയ തുക (₹)/ ബിൽ നം., തീയതി. | പെർഫോമാ ഇൻവോയ്സ് നം/തീയതി. | മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നത് (₹) |
|---|---|---|---|
| 10/23, സാന്ത്വന പരിചരണം<br>ആകെ അടങ്കൽ -₹12,00,000/-<br>(വികസനഫണ്ട്-ജനറൽ - ₹5,00,000/-,<br>മെയിന്റനൻസ് ഗ്രാന്റ്- ₹7,00,000/-)<br>ആകെ ചെലവ് – ₹11,62,410/-<br>(വികസനഫണ്ട്-ജനറൽ – ₹4,62,410/-,<br>മെയിന്റനൻസ് ഗ്രാന്റ്-₹7,00,000/-) | തുക – 4,23,782/-<br>15/21.10.22 | PRF-1502/ | 78,333/- |
| | തുക – 1,93,810/-<br>28/27.2.23 | PRF-4396/ | 1,12,987/- |
| | തുക – 76,880/-<br>31/20.3.23 | PRF-4397/ | 49,568/- |
| 168/23, സബ് സെന്ററുകളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ<br>സബ്സെന്ററുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ<br>ആകെ അടങ്കൽ-₹1,35,000/-(ഹെൽത്ത് ഗ്രാന്റ്)<br>ആകെ ചെലവ്-₹85,000/-(ഹെൽത്ത് ഗ്രാന്റ്) | 11757 PFMS NO-C042301690330 | PRF-5117/ 9.3.23 | 11,757/- |
| **ആകെ** | | | 2,52,645/- |

വിശദ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാക്കാൻ അവശേഷിയ്ക്കുന്ന 2,52,645/- രൂപയുടെ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭിയ്ക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം –13/28.10.23.**

**തടസ്സപ്പെടുത്തിയ തുക - 2,52,645/–രൂപ**

**1-20 ഹോംകോയിൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.**

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം ഹോംകോയ്ക്ക് തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ പേര് | അടങ്കൽ (₹) | ചെലവു തുക (₹) | ബിൽ നം./തീയതി | തുക നൽകിയത് (₹) | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (₹) |
|---|---|---|---|---|---|
| 13/23 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ | 4,00,000/- (മെയി. ഫണ്ട്- റോഡിതരം) | 4,00,000/- | (പെർഫോർമാ നം. 34/24.06.22) 1/20.9.22 | 4,00,000/- | 2,31,532/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മരുന്നുകൾ ഉടനേ ലഭ്യമാക്കും എന്ന് അറിയിപ്പ് ലഭിച്ചതായി മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കുന്നതു വരെ 2,31,532/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നം:6/27.10.23.**

**തടസ്സപ്പെടുത്തിയ തുക : 2,31,532/- രൂപ.**

## 1-21 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളിൽ ഒടുക്കുവരുത്തിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്ര.നം | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | നൽകിയ തുക (₹) | ബിൽ നം |
|---|---|---|---|---|
| 1 | (139/23, അങ്കണവാടി കെട്ടിടത്തിനായി വിഹിതം ലഭ്യമാക്കൽ. അടങ്കൽ തുക -8,00,000/-രൂപ (2,00,000/- തനത് ഫണ്ട്, 2,00,000/- ബ്ളോക്ക് പഞ്ചായത്ത്, 4,00,000/- ജില്ലാ പഞ്ചായത്ത്) ചെലവ് – 6,00,000/-രൂപ (തനത് ഫണ്ട് - 2,00,000/- ജില്ലാ പഞ്ചായത്ത് – 4,00,000/-) | മഹാത്മാഗാന്ധി NREGA -STATE MISSION ACCOUNT NO-67283168724 | 2,00,000/-<br>4,00,000/- | CHQ-NO-5685823/9.3.23<br>BILL NO-28/22.3.23 |
| | | ആകെ | 6,00,000/- | |

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ മേൽപ്രകാരം ചെലവഴിച്ച 6,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ സഹിതം മറുപടി ഹാജരാക്കേണ്ടതാണ്.

**തടസ്സപ്പെടുത്തിയ തുക - 6,00,000/- രൂപ.**

**ഓഡിറ്റ് എൻക്വയറി – 4/27-10-23.**

## 1-22 ഹരിത കർമ്മസേനയ്ക്ക് വാങ്ങിയ വാഹനം ഉപയോഗപ്രദമല്ല

| | |
|---|---|
| പ്രോജക്ട് | ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങൽ (160/23) |
| അടങ്കൽ തുക | 6,00,000/-രൂപ (കേന്ദ്രാവിഷ്കൃതം) |
| ചെലവ് | 4,97,000/-രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| എ.സി.ആർ. ബിൽ നം. | 164/7.12.22 |

6,00,000/- രൂപ വകയിരുത്തി ഹരിതകർമ്മ സേനയ്ക്ക് വാഹനം വാങ്ങൽ (പ്രോജക്ട് നം. 160/23) എന്ന പേരിൽ പ്രോജക്ട് ഏറ്റെടുക്കുകയും, പഞ്ചായത്ത് കമ്മറ്റിയുടെ 28-11-2022 ലെ 6(1) നമ്പർ തീരുമാനപ്രകാരം ഇലക്ട്രിക്ക് വാഹനത്തിന് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ Floret Technologies എന്ന സ്ഥാപനത്തിന്റെ 4,97,000/- രൂപയുടെ ബിഡ് അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇലക്ട്രിക്ക് വാഹനം 06.01.2023 ൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ എത്തിച്ച് നൽകുകയും ചെയ്തു.

ഹരിതകർമ്മസേനയ്ക്ക് വാഹനം എന്നാണ് കൈമാറിയത്, നിലവിൽ വാഹനം ഹരിതകർമ്മസേന ഉപയോഗിക്കുന്നുണ്ടോ എന്നീ വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് താഴെ പറയുന്ന മറുപടി ലഭ്യമാക്കി.

ഇലക്ട്രിക്ക് വാഹനത്തിന്റെ എൻജിൻ കാര്യക്ഷമത കുറവ് കാരണം ഹരിത കർമ്മ സേനയ്ക്ക് കൈമാറാൻ കഴിഞ്ഞിട്ടില്ല. വാഹനത്തിന്റെ മോട്ടോർ ഔട്ട്പുട്ട് പവർ ആയിരം വാട്സ് ആണ്. ശുചിത്വമിഷനിൽ നിന്നുള്ള സ്പെസിഫിക്കേഷൻ പ്രകാരമാണ് വാഹനം വാങ്ങിയത്. GEM വഴി വാങ്ങിയതിനാൽ കാര്യക്ഷമത പരിശോധിക്കാൻ കഴിഞ്ഞില്ല. ചടയമംഗലം ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ഉയർന്ന പ്രദേശമായതിനാൽ ഈ വാഹനം ഉപയോഗിച്ച് വേസ്റ്റ് കളക്ട് ചെയ്യാൻ കഴിയുന്നില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് അടുത്ത ജനറൽ കമ്മിറ്റിയിൽ ചർച്ച ചെയ്തു വാഹനം സപ്ലൈ ചെയ്ത കമ്പനിയുമായി ബന്ധപ്പെട്ട് വാഹനത്തിന്റെ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കി.

ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.
ഭാവിയിൽ ഇത്തരം അപാകതകൾ സംഭവിക്കാതെ വാങ്ങൽ നടപടികൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.
**ഓഡിറ്റ് എൻക്വയറി നം. - 5/27-10-23.**

**<u>1-23 പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ - സംയുക്ത പരിശോധന നടത്തിയില്ല.</u>**

പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ എല്ലാ മാസവും 1,27,336/-രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തുന്നുണ്ട്. ലഭ്യമാക്കിയ രേഖകൾ പ്രകാരം ടാപ്പൊന്നിന് 5,788.13/-രൂപ (വാർഷികം) നിരക്കിൽ 264 ടാപ്പുകളുടെ വെള്ളക്കരമിനത്തിലുള്ള തുകയാണ് അടയ്ക്കുന്നത്. ടാപ്പുകൾ നിലവിൽ പ്രവർത്തനക്ഷമമാണെന്നതു സംബന്ധിച്ച് പഞ്ചായത്തും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി താഴെപ്പറയും പ്രകാരമാണ്.

പൊതു ടാപ്പുകളുടെ കുടിവെള്ളക്കരം അടവാക്കുന്നതിന് 264 ടാപ്പുകളുടെ ഡിമാൻഡ് നോട്ടീസ് ആണ് ലഭിച്ചുകൊണ്ടിരുന്നത്. എന്നാൽ അത്രയും ടാപ്പുകൾ ഇല്ലാത്തതിനാലും ഉള്ളവയിൽ ഭൂരിഭാഗവും ഉപയോഗശൂന്യമായതിനാലും, സംയുക്ത പരിശോധന നടത്തിയതിൽ വിവിധ വാർഡുകളിലെ 263 ടാപ്പുകൾ നിലനിർത്തി ഒരെണ്ണം ഒഴിവാക്കിയ റിപ്പോർട്ടാണ് വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിച്ചിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ട് 8.3.23ലെ കമ്മിറ്റി ചർച്ച ചെയ്യുകയും ടി റിപ്പോർട്ട് അപാകതയുള്ളതാണെന്നും ആയതിനാൽ ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ സംയുക്ത പരിശോധന നടത്തേണ്ടത് ആവശ്യമാണെന്നും തീരുമാനിച്ചു. ആയത് പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സംയുക്ത പരിശോധന നടത്തുകയും 263 ടാപ്പുകൾ ഉണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 20 ടാപ്പുകൾ നിലനിർത്തി ബാക്കി ഒഴിവാക്കുന്നതിന് എസ്റ്റിമേറ്റ് തുകയായ 36,100/- രൂപ അടവാക്കുന്നതിന് 29.9.23 ൽ 5(1) നമ്പരായി കമ്മിറ്റി തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്നു് അറിയിച്ചു. ആയതിനാൽ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. – 11/28.10.2023.**

**<u>1-24 ഭവനപുനരുദ്ധാരണം- പണികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു</u>**

ഭവനപുനരുദ്ധാരണം - പദ്ധതി നം. – 141/22-23 (പട്ടികജാതി).
അടങ്കൽ തുക - 30,00,000/-രൂപ (വികസനഫണ്ട് -SCP).
ചെലവ് തുക - 25,00,000/- രൂപ.
ആകെ ഗുണഭോക്താക്കൾ – 29.
ഭവനപുനരുദ്ധാരണം പൂർത്തീകരിക്കാനുള്ളവർ - 02.
പദ്ധതി നിർവഹണം - ഒരു ഗുണഭോക്താവിന് 10,00,000/- രൂപ വീതം നല്കുന്നു. (50,000/- രൂപ മുൻകൂറായി അനുവദിക്കുന്നു). പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് LSGD ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവസാനഗഡു നല്കുന്നു.
ആദ്യഗഡു കൈപ്പറ്റിയശേഷം പണി പൂർത്തീകരിക്കാൻ അവശേഷിക്കുന്നവരുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (₹) | ബിൽ നം/ തീയതി | തൽസ്ഥിതി വിവരം |
|---|---|---|---|---|
| 1 | ശ്രീമതി. തുളസിഭായ്, കാഞ്ഞിരംവിള വീട് (Ward 7) | 50,000/- | 245/ 18-01-23 | പണി പൂർത്തിയായിട്ടില്ല |
| 2 | ശ്രീ. മുരളീധരൻ, ലക്ഷം വീട് (Ward 10) | 50,000/- | 265/ 31-01-23 | പണി പൂർത്തിയായിട്ടില്ല |

ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരുടെയും മോണിട്ടറിംഗ് സമിതിയുടെയും നിരീക്ഷണവും തുടർനടപടികളും ഉണ്ടാകേണ്ടതാണ്. മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, പൂർത്തീകരണവിവരം അറിയിക്കേണ്ടതുമാണ്.

**ഓഡിറ്റ് അന്വേഷണം – 2/25-10-2023.**

**1-25 ലൈഫ് ഭവനപദ്ധതി (സ്റ്റാറ്റസ് റിപ്പോർട്ട്)**

| ക്രമനം | പദ്ധതി നം | ആകെ ഗുണഭോക്താക്കൾ | ഭവനനിർമ്മാണം പൂർത്തീകരിച്ചവർ | പൂർത്തീകരിക്കാൻ അവശേഷിക്കുന്നവർ |
|---|---|---|---|---|
| 1 | 96/22-23 – ജനറൽ | 46 | 30 | 16 |
| 2 | 98/22-23 – SCP | 43 | 09 | 34 |
| 3 | 31/22-23 – ജനറൽ | 05 | 04 | 01 |
| 4 | 32/22-23 – SCP | 04 | 03 | 01 |
| 5 | 33/22-23 – SCP | 51 | 42 | 09 |

ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളെക്കൊണ്ട് സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആദ്യഗഡു കൈപ്പറ്റിയശേഷം ഭവനനിർമ്മാണം തുടങ്ങാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. പ്രോജക്ട് നം. 31/23 – ലൈഫ് ജനറൽ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ തുക | തൽസ്ഥിതി |
|---|---|---|---|
| 1 | ശ്രീ. മുഹമ്മദ് നബീൽ, പറയോണത്തുവീട് | 3,50,000/-രൂപ | മേൽക്കൂര വാർത്തു |

2. പ്രോജക്ട് നം. 32/23 – ലൈഫ് എസ് സി പി

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ തുക | തൽസ്ഥിതി |
|---|---|---|---|
| 1 | ശ്രീ. സജിത്, വലിയപാറ ചരുവിള | 3,75,000/-രൂപ | മേൽക്കൂര വാർത്തു |

3. പ്രോജക്ട് നം. 33/23 – ലൈഫ് ജനറൽ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ തുക (₹) | തൽസ്ഥിതി |
|---|---|---|---|
| 1 | ശ്രീമതി. പമല, ഇലിപ്പപ്പണ | 3,00,000/- | ലിന്റിൽ പൂർത്തിയായി |
| 2 | ശ്രീമതി. ശോഭന, ഗോമതിനിവാസ് | 3,50,000/- | മേൽക്കൂര വാർത്തു |
| 3 | ശ്രീമതി. ശ്യാമള, ചരുവിള മേലതിൽ | 3,00,000/- | മേൽക്കൂര വാർത്തു |
| 4 | ശ്രീമതി. ശാരദ, ചരുവിള പുത്തൻവീട് | 3,00,000/- | മേൽക്കൂര വാർത്തു |
| 5 | ശ്രീമതി. അശ്വതി, പാറയടി, പരുത്തിപൊയ്ക | 3,00,000/- | മേൽക്കൂര വാർത്തു |
| 6 | ശ്രീ. രാഹുൽ, കുണ്ടയത്ത് | 2,00,000/- | അടിസ്ഥാനം പൂർത്തിയായി |
| 7 | ശ്രീ. മധു, പാറയടി, പരുത്തിപൊയ്ക | 3,00,000/- | ലിന്റിൽ പൂർത്തിയായി |
| 8 | ശ്രീമതി. ശാലിനി, ശ്യംവിലാസം | 3,00,000/- | ലിന്റിൽ പൂർത്തിയായി |
| 9 | ശ്രീമതി. മിനി, പരുത്തിപൊയ്ക | 80,000/- | അടിസ്ഥാനം നിർമ്മാണഘട്ടത്തിൽ |

4. പ്രോജക്ട് നം. 98/23 – ലൈഫ് എസ്. സി. പി.

02/2023, 03/2023 മുതൽക്കാണ് ധനസഹായം നൽകിത്തുടങ്ങിയത്. ആകെ 43 ഗുണഭോക്താക്കളിൽ 9 പേർ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്നവരുടെ ഭവനനിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

5. പ്രോജക്ട് നം. 96/23 – ലൈഫ് ജനറൽ

02/2023, 03/2023 മുതൽക്കാണ് ധനസഹായം നൽകിത്തുടങ്ങിയത്. ഭവനനിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ തുക (₹) | തൽസ്ഥിതി |
|---|---|---|---|
| 1 | ശ്രീമതി. ഷീജ, വയലിക്കട വീട്, വാലുകുന്നിൽ | 3,00,000/- | മേൽക്കൂര വാർത്തു |
| 2 | ശ്രീ. ഉണ്ണിക്കൃഷ്ണൻ, ചരുവിള പുത്തൻവീട് | 3,00,000/- | ലിന്റിൽ പൂർത്തിയായി |
| 3 | ശ്രീമതി.സുഭദ്രാമ്മ, അശ്വതിഭവൻ മണലയം | 3,00,000/- | മേൽക്കൂര വാർത്തു |
| 4 | ശ്രീമതി.പുഷ്പ, ഇലവുംമൂട്ടിൽ വീട് കുരിയോട് | 3,60,000/- | മേൽക്കൂര വാർത്തു |
| 5 | ശ്രീമതി.രുഗ്മിണി, കൃഷ്ണവിലാസം ഇടയ്ക്കോട് | 3,00,000/- | മേൽക്കൂര വാർത്തു |
| 6 | ശ്രീ.സുരേഷ് കുമാർ, പ്രവീൺഭവൻ പോരേടം | 3,00,000/- | ലിന്റിൽ പൂർത്തിയായി |
| 7 | ശ്രീമതി. സിന്ധു, പാടത്തുപാറ വീട് ഇടയ്ക്കോട് | 3,00,000/- | ലിന്റിൽ പൂർത്തിയായി |
| 8 | ശ്രീമതി. കുമാരി എസ്, ചരുവിളവീട് വെട്ടുവഴി | 3,60,000/- | മേൽക്കൂര വാർത്തു |
| 9 | ശ്രീ. രാമചന്ദ്ര കുറുപ്പ്, കലയത്തുപുത്തൻവീട് | 2,00,000/- | അടിസ്ഥാനം പൂർത്തിയായി |
| 10 | ശ്രീമതി. ഓമന, പുലിപ്പാറ വീട് കുരിയോട് | 3,00,000/- | ലിന്റിൽ പൂർത്തിയായി |
| 11 | ശ്രീമതി. സുലേഖബീവി, നവാസ് മൻസിൽ മാടൻനട | 3,00,000/- | ലിന്റിൽ പൂർത്തിയായി |
| 12 | ശ്രീമതി. സലീന ബീവി, കാരോട് ചരുവിള പുത്തൻവീട് | 3,00,000/- | മേൽക്കൂര വാർത്തു |
| 13 | ശ്രീമതി. പങ്കജാക്ഷി, പടിഞ്ഞാറ്റതിൽ വീട് പോരേടം | 3,00,000/- | ലിന്റിൽ പൂർത്തിയായി |
| 14 | ശ്രീമതി. സരസ്വതി അമ്മ, ഇലവൂർ വീട് വെള്ളൂപ്പാറ | 3,00,000/- | ലിന്റിൽ പൂർത്തിയായി |
| 15 | ശ്രീമതി. സുലജ, കണ്ണമത്തുമുരളി വിലാസം | 40,000/- | അടിസ്ഥാനം പൂർത്തിയായി |
| 16 | ശ്രീമതി. വിലാസിനി, വിദ്യാഭവൻ | 2,00,000/- | ലിന്റിൽ പൂർത്തിയായി |

**ഓഡിറ്റ് എൻക്വയറി നം. 2/25.10.2023.**

**1-26 പഞ്ചായത്ത് ലൈബ്രറി പ്രവർത്തനക്ഷമമല്ല - അടിയന്തിര ഇടപെടലുകൾ അനിവാര്യം**

ഗ്രാമപഞ്ചായത്ത് ലൈബ്രറി, പോരേടം സാംസ്കാരിക നിലയം എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. പ്രതിമാസം 25,100/-രൂപ നിരക്കിൽ ശമ്പളം കൈപ്പറ്റുന്ന ഒരു ഫുൾടൈം ലൈബ്രേറിയനും പ്രതിമാസം 13,000/- രൂപ നിരക്കിൽ ഹോണറേറിയം കൈപ്പറ്റുന്ന പാർട് ടൈം ലൈബ്രേറിയനും ഉണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ലൈബ്രറിയുടെ പ്രവർത്തനം നിർജ്ജീവാവസ്ഥയിലാണ്. വൈജ്ഞാനിക മേഖലയിലെ കാലാനുഗതമായ മാറ്റങ്ങൾക്കനുസൃതമായി പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനങ്ങൾ നവീകരിക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ലായെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. നവീന സോഫ്റ്റ്വെയർ സങ്കേതങ്ങൾ സജ്ജമാക്കിക്കൊണ്ട് പുസ്തകങ്ങളുടെ സ്റ്റോക്ക്-വിതരണം ക്രമീകരിക്കുകയും ഓരോ വർഷവും സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തുകയും അതിനനുസൃതമായി സ്റ്റോക്ക് കൃത്യമാക്കുകയും ചെയ്യേണ്ടതുണ്ട്. എന്നാൽ നിലവിൽ ഇത് പാലിക്കപ്പെടുന്നില്ല. നിലവിൽ പുസ്തകങ്ങൾ സൂക്ഷിച്ചിരിക്കുന്ന കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമല്ല. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രസ്തുത വിഷയം പരാമർശിച്ചിട്ടും യാതോരു നടപടിയും കൈക്കൊണ്ടിട്ടില്ല. ലൈബ്രേറിയൻമാർ വേതനം കൈപ്പറ്റുന്നുവെങ്കിലും ലൈബ്രറി പ്രവർത്തനങ്ങൾ ഒന്നും തന്നെ നടക്കാത്തത് അതീവഗൗരവത്തോടെ ഭരണതലത്തിൽ ശ്രദ്ധിക്കേണ്ടതാണ്. ലൈബ്രറിയുടെ ഭൗതിക സാഹചര്യങ്ങൾ ശക്തിപ്പെടുത്തിയും പത്രങ്ങൾ/ആനുകാലികങ്ങൾ തുടങ്ങിയവ ലഭ്യമാക്കിയും പുസ്തകശേഖരം വിപുലീകരിച്ചും കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തിയും പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-27 പ്രോജക്ട് നമ്പർ-61/23-റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - പ്രോജക്ട് പൂർത്തീകരിച്ചില്ല**

അസി. എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി 2021-22 ൽ വിഭാവനം ചെയ്ത പ്രസ്തുത പ്രോജക്ടിന് (പ്രോജക്ട് നം. 186/22) തനതുഫണ്ടിൽ നിന്നും 45,000/- രൂപ അടങ്കൽ നിശ്ചയിച്ചിരുന്നു. 2021-22 ൽ പ്രോജക്ടിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. തുടർന്ന് 2022-23 ൽ പ്രോജക്ട് സ്പിൽ ഓവറാക്കി തനതുഫണ്ടിൽ നിന്നും 17,760/- രൂപ ചെലവഴിച്ചിട്ടുണ്ട്. (ചെക്ക് നം. 5685247/15.7.2022).

1 മുതൽ 15 വരെയുള്ള വാർഡുകളിലെ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനാവശ്യമായ

വിവരങ്ങൾ ശേഖരിച്ച് ആർ-ട്രാക്ക് ആപ്പിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടിയാണ് വാർഡൊന്നിന് 3,000/- രൂപ ക്രമത്തിൽ 45,000/- രൂപ വകയിരുത്തിയത്. പദ്ധതിക്കായി ആകെ 17,760/- രൂപയാണ് ചെലവഴിച്ചത്. എന്നാൽ പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/30.10.23) നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ആർ-ട്രാക്ക് ഉപയോഗിച്ചുള്ള മാപ്പിംഗിന് Asset Tracking, Asset Verification എന്നീ രണ്ട് സ്റ്റേജുകൾ ഉണ്ടെന്നും, അതിൽ Asset Tracking മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് സർവേയർ മുഖാന്തിരം നടപ്പിലാക്കിയതിന്റെ ചെലവിനത്തിലാണ് 17,760/- രൂപ നൽകിയതെന്നും പറഞ്ഞിരിക്കുന്നു. രണ്ടാം ഘട്ടമായ Asset Verification-ൽ ട്രാക്ക് ചെയ്ത് ലഭിച്ച വിവരങ്ങളുടെ 5 Stage Verfication ഉണ്ട് (Verification By Surveyor, Verification By AE, Verification ByAEE, Verification By Member & Approval By Committee). ഇതിൽ Verification By AE എന്ന ഘട്ടം നടന്നുവരുന്നുവെന്നും വിശദീകരിച്ചിരിക്കുന്നു. പദ്ധതി നാളിതുവരെ പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത പ്രോജക്ടിനായി ചെലവഴിച്ച 17,760/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
**ഓഡിറ്റ് എൻക്വയറി നം. – 16/30.10.2023.**
**തടസ്സപ്പെടുത്തിയ തുക – 17,760/-രൂപ.**

**<u>1-28 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.</u>**

2022-23 ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 5,67,14,142/-രൂപ വകയിരുത്തി 117162 തൊഴിൽ ദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻ പ്ലാൻ അംഗീകരിച്ചിരുന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ 123033 തൊഴിൽ ദിനങ്ങൾ (105.01%) സൃഷ്ടിക്കാൻ കഴിഞ്ഞതായി കാണുന്നു. വിവിധ പ്രവൃത്തികൾക്കായി 5,22,92,164/-രൂപ ചെലവഴിച്ചിട്ടുണ്ട് (വകയിരുത്തിയ തുകയുടെ 92.20%). 100 ദിനം തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം 782 ആണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി ഇനം | ആക്ഷൻപ്ലാൻ പ്രകാരം ലക്ഷ്യമിട്ട എണ്ണം | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണം | ആക്ഷൻപ്ലാൻ പ്രകാരം ലക്ഷ്യമിട്ട പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെ ശതമാനം |
|---|---|---|---|---|---|---|
| 1 | മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ | 102 | 68 | 62 | 6 | 60.78 |
| 2 | വ്യക്തിഗത പ്രവൃത്തികൾ | 376 | 30 | 26 | 4 | 6.9 |
| 3 | റോഡ് | 15 | 10 | 4 | 6 | 26.67 |
| 4 | ഭൂവികസനം | 15 | -- | -- | -- | -- |
| 5 | വൃക്ഷത്തൈ | 15 | 15 | 15 | -- | 100 |

ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കാഞ്ഞത് എന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് എല്ലാ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.7/28.10.23) മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ ലക്ഷ്യം കൈവരിക്കാനുള്ള കാര്യക്ഷമമായ നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

**<u>1-29 തെരുവ് വിളക്ക് മെയിന്റനൻസ് - അധികച്ചെലവ് നിരാകരിയ്ക്കുന്നു.</u>**

പ്രോജക്ട് നമ്പർ 173/ 23.

ആകെ അടങ്കൽ – 3,00,000/-രൂപ.

ആകെ ചെലവ് – 1,56,000/-രൂപ.

(84,000/-രൂപ, വികസന ഫണ്ട്-ജനറൽ, ബിൽ നം-29/25.3.23,
72,000/-രൂപ, തനത് ഫണ്ട്, ചെക്ക് നമ്പർ 327946 /28.3.23)

15 വാർഡുകളിലും തെരുവുവിളക്ക് മെയിന്റനൻസിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനും, തൊഴിലാളികൾക്ക് വേതനം നൽകുന്നതിനും ആയി തയ്യാറാക്കിയ പദ്ധതി പ്രകാരം 2022 -23 ൽ ആകെ 1,56,000/- രൂപ ചെലവാക്കിയിട്ടുണ്ട്. 30.10.21 ലെ 1 (1) കമ്മിറ്റി തീരുമാനപ്രകാരം 2021-22 ൽ തെരുവ് വിളക്ക് മെയിന്റനൻസ് നടത്തുന്നതിനായി കരാർ നൽകിയിരുന്നത് ശ്രീ. ബിജുകുമാർ എന്ന വ്യക്തിക്കായിരുന്നു.

പ്രതിദിനം 1,100/-രൂപയ്ക്കായിരുന്നു (വാഹന വാടക, ഡ്രൈവറുടെ വേതനം, ഗോവണി) കരാർ നൽകിയിരുന്നത്.

19-12-22 ലെ 8 (1) കമ്മിറ്റി തീരുമാനപ്രകാരം, തെരുവ് വിളക്ക് മെയിന്റനൻസ് നടത്തുന്നതിന് 2021-22 ൽ കരാർ നൽകിയിരുന്ന ശ്രീ. ബിജുകുമാറിനെ 2022-23 ലും മുൻവർഷത്തെ കരാർ തുകയ്ക്ക് തുടരാൻ അനുവദിച്ചു.

എന്നാൽ 10.1.23 മുതൽ 10.3.23 വരെ 60 ദിവസം സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് നടത്തിയതിന് പ്രതിദിനം 1,100/- രൂപ ക്രമത്തിൽ 66,000/-രൂപ നല്കേണ്ടതിന് പകരം 1,200/- രൂപ ക്രമത്തിൽ 72,000/-രൂപ ശ്രീ. ബിജു കുമാറിന് അനുവദിച്ചു നൽകിയിരിക്കുന്നു. ആയതിനാൽ അധികമായി അനുവദിച്ച 6,000/- രൂപ (72000-66000) തിരികെ ഈടാക്കി ഒടുക്കുവരുത്തി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-30 ഹരിതകർമസേന -പ്രവർത്തനം**

ചടയമംഗലം ഗ്രാമപഞ്ചായത്തിൽ പതിനഞ്ച് വാർഡുകളിൽ 30 ഹരിതകർമ്മസേന അംഗങ്ങൾ പ്രവർത്തിക്കുന്നു. മാസംതോറും ഹരിത കർമ്മ സേന വാതിൽപടി സേവനം നടത്തിവരുന്നു. ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിരിക്കുന്ന സ്വകാര്യ ഏജൻസിയായ പാണ്ടാസ് വേൾഡ് ഇക്കോ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന് കൈമാറുന്നുണ്ട്. ഹരിത സഹായ സ്ഥാപനമായ I R T C യുടെ ഏകോപനത്തിലൂടെ നല്ല രീതിയിൽ ചിട്ടയായ പ്രവർത്തനം നടക്കുന്നുണ്ട്. മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി പഞ്ചായത്തിൽ നടന്നിട്ടുള്ള എല്ലാ ശുചീകരണ പ്രവർത്തനങ്ങളിലും ഹരിത കർമ്മ സേന അംഗങ്ങൾ പങ്കാളികളായിട്ടുണ്ട്. എല്ലാ വാർഡുകളിലും രണ്ടു വീതം മിനി എം സി എഫ് സ്ഥാപിച്ചിട്ടുണ്ട്. ജൈവ അജൈവ മാലിന്യം വേർതിരിച്ച് ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനും അജൈവ മാലിന്യം ഹരിത കർമ്മ സേനയ്ക്ക് നൽകുന്നതിലും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ഹരിത കർമ്മ സേന അംഗങ്ങൾ നോട്ടീസ് വിതരണം നടത്തിയിട്ടുണ്ട്. എം സി എഫ് ഉണ്ടെങ്കിലും അതിന് വിസ്തൃതി ഇല്ലാത്തതും അനുബന്ധ സൗകര്യങ്ങൾ ഇല്ലാത്തതും ഹരിത കർമ്മ സേന പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. ഹരിത കർമ്മ സേനയ്ക്ക് സ്വന്തമായി വാഹനം ഇല്ലാത്തത് മൂലം വാഹനം വാടകയ്ക്ക് എടുത്താണ് പ്രവർത്തിക്കുന്നത്. വാങ്ങിയ വാഹനം പഞ്ചായത്ത് ഭൂപ്രകൃതിക്ക് ഇണങ്ങിയ എഞ്ചിൻ കപ്പാസിറ്റി ഉള്ളത് അല്ലാത്തതിനാൽ പ്രവർത്തനരഹിതമാണ്. ഹരിത കർമ്മ സേന 100% വാതിൽപടി സേവനം നൽകുന്നുണ്ടെങ്കിലും സെപ്റ്റംബർ മാസത്തിൽ 81 % വീടുകളിൽ നിന്നും 77% സ്ഥാപനങ്ങളിൽ നിന്നുമാണ് യൂസർ ഫീ ലഭ്യമായത്. 20 ശതമാനം വീടുകൾ ഒന്നിടവിട്ട മാസങ്ങളിൽ മാത്രമേ സഹകരിക്കുന്നുള്ളൂ.

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് ആപ് സംവിധാനം വാതിൽപടി സേവനത്തിൽ ഉപയോഗിച്ചുവരുന്നു. ഹരിതകർമസേനക്ക് യൂണിഫോം (3 ജോഡി), ഗംബൂട്ട് , ഗ്ലൗസ്, തൊപ്പിക്കുട തുടങ്ങിയവ നൽകിയിട്ടുണ്ട്. ഡ്രൈവിംഗ് പരിശീലനം നേടിയ രണ്ട് ഹരിതകർമസേന അംഗങ്ങൾ നിലവിലുണ്ട്. പുതിയ MCF കെട്ടിട നിർമ്മാണത്തിനുള്ള പദ്ധതിക്കായി 15 ലക്ഷം രൂപ 2023-24 ലെ പ്രോജക്ടിൽ വകയിരുത്തിയിട്ടുണ്ട്. അത് പൂർത്തിയാകുമ്പോൾ ഹരിതകർമ്മസേന പ്രവർത്തനവും അജൈവമാലിന്യ ശേഖരണവും കൂടുതൽ ഫലപ്രാപ്തിയിലെത്തിക്കാവുന്നതാണ്.

അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ 2000 സ്ക്വയർഫീറ്റ് വിസ്തൃതി എങ്കിലും ഉള്ള എം.സി.എഫും പഞ്ചായത്ത് ഭൂപ്രകൃതിക്കിണങ്ങിയ എഞ്ചിൻ കപ്പാസിറ്റിയും, ലോഡിങ് കപ്പാസിറ്റിയും ഉള്ള വാഹനവും ഹരിത കർമ്മസേന പ്രവർത്തനത്തിന് നൽകിയും ഹരിതകർമസേന സേവനത്തോട് നിസഹകരിക്കുന്നവർക്ക് ആദ്യപടി നോട്ടീസ് നൽകിയും തുടർന്ന് പിഴ ചുമത്തിയും പൊതുസ്ഥാപനങ്ങളിൽ അജൈവ മാലിന്യ ശേഖരണത്തിന് ബിന്നുകൾ സ്ഥാപിച്ചും ഗ്രാമപഞ്ചായത്തിലെ മാലിന്യമുക്തനിർമ്മാർജ്ജന പ്രവർത്തനം ശക്തമാക്കേണ്ടതാണ്.

****** നിർദ്ദേശങ്ങൾ ******

1. ഹരിതസേനാംഗങ്ങൾക്ക് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഉറപ്പാക്കേണ്ടതും സ്ഥലസൗകര്യമുള്ള എം സി എഫ് സ്ഥാപിക്കേണ്ടതുമാണ്. മാലിന്യങ്ങൾ കെട്ടിക്കിടക്കുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്.

2. വ്യാപാരി വ്യവസായികളുടെ വിറ്റുവരവിനു അനുസൃതമായി യൂസർഫീ ഈടാക്കുന്നതിനായി ഹരിതമിത്രം ആപ്പിൽ മാറ്റം വരുത്തുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

3. പഞ്ചായത്ത് തലത്തിൽ ബെയിലിംഗ് യൂണിറ്റ്, ഷ്രഡിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കാവുന്നതാണ്.
4. MLP, LEGACY മാലിന്യങ്ങൾ എല്ലാ മാസവും നീക്കം ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
5. പഞ്ചായത്ത് തലത്തിൽ പരാതിപരിഹാരസെൽ രൂപീകരിക്കാവുന്നതാണ്.
6. സ.ഉ. (സാധാ)നം. 1496/2020/ തസ്വഭവ തീ 12-08-2020 – ഹരിതകർമസേന പ്രവർത്തന മാർഗരേഖ വിഭാവനം ചെയ്യും വിധം ഹരിതകർമസേനയുടെ സംരംഭകസാധ്യതകൾ (ഖ 13 കാണുക) പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
7. ഹരിതകർമസേനകലണ്ടർ പ്രകാരം കൃത്യമായി മാലിന്യങ്ങൾ നീക്കം ചെയ്യപ്പെടുന്നുണ്ടെന്നും

യഥാസമയം ഏജൻസികൾക്ക് കൈമാറുന്നുവെന്നും ഉറപ്പാക്കേണ്ടതാണ്.

**1-31 നടപ്പിലാക്കാത്ത പ്രോജക്ടുകൾ**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി 2022-23 ൽ തുക വകയിരുത്തി രൂപീകരിച്ച ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയില്ല. മാത്രമല്ല, പ്രസ്തുത പ്രോജക്ടുകൾ തുടർ വർഷത്തിൽ സ്പിൽ ഓവറാക്കി അംഗീകാരം നേടിയിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിവരം |
|---|---|
| 1 | പ്രോജക്ട് നം. 66/23 (Spill Over)<br>കല്ലുമല കോളനി ഹെൽത്ത് സെന്റർ ഭാഗം റോഡ് സ്റ്റെപ്പ് നിർമ്മാണം<br>അടങ്കൽ തുക-75,000/- രൂപ (Plan-SCP) |
| 2 | പ്രോജക്ട് നം. 68/23 (Spill Over)<br>ചടയമംഗലം മാർക്കറ്റിലെ ശൗചാലയങ്ങളുടെ നവീകരണം<br>അടങ്കൽ തുക-68 021/- രൂപ (CFC) |
| 3 | പ്രോജക്ട് നം. 150/23<br>ജനസേവനകേന്ദ്രം ഹെൽപ്പ് ഡെസ്ക്-ഭൗതികസാഹചര്യം ഒരുക്കൽ<br>അടങ്കൽ തുക-1,00,000/- രൂപ. (Own Fund) |
| 4 | പ്രോജക്ട് നം. 180/23<br>ഗവ.യു.പി.എസ്.മേടയിൽ-കിണർ ആഴം കൂട്ടൽ<br>അടങ്കൽ തുക-1,00,000/- രൂപ (CFC) |
| 5 | പ്രോജക്ട് നം. 185/23<br>എം.സി.എഫ്. നിർമ്മാണം ഘട്ടം-3<br>അടങ്കൽ തുക-8,89,620/- രൂപ (CFC) |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/30.10.23) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തികൾ നടപ്പിലാക്കാത്തതിനു കാരണമായി വകയിരുത്തിയ ഫണ്ടിന്റെ അപര്യാപ്തതയും, നിർവഹണ വേളയിലെ പ്രതികൂല സാഹചര്യങ്ങളുമാണ് ചൂണ്ടിക്കാട്ടിയിട്ടുള്ളത്. ഫണ്ടിന്റെ ലഭ്യത, ഫീസിബിലിറ്റി എന്നിവ സംബന്ധിച്ച് വ്യക്തമായ ധാരണയോടെ പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും ആയവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 തെരുവ് വിളക്ക് മെയിന്റനൻസ് - അധികച്ചെലവ് നിരാകരിയ്ക്കുന്നു.**

പ്രോജക്ട് നമ്പർ 173/ 23.

ആകെ അടങ്കൽ – 3,00,000/-രൂപ.

ആകെ ചെലവ് – 1,56,000/-രൂപ.

(84,000/-രൂപ, വികസന ഫണ്ട്-ജനറൽ, ബിൽ നം-29/25.3.23,
72,000/-രൂപ, തനത് ഫണ്ട്, ചെക്ക് നമ്പർ 327946 /28.3.23)

15 വാർഡുകളിലും തെരുവുവിളക്ക് മെയിന്റനൻസിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനും, തൊഴിലാളികൾക്ക് വേതനം നൽകുന്നതിനും ആയി തയ്യാറാക്കിയ പദ്ധതി പ്രകാരം 2022 -23 ൽ ആകെ 1,56,000/- രൂപ ചെലവാക്കിയിട്ടുണ്ട്. 30.10.21 ലെ 1 (1) കമ്മിറ്റി തീരുമാനപ്രകാരം 2021-22 സാമ്പത്തിക വർഷം തെരുവ് വിളക്ക് മെയിന്റനൻസ് നടത്തുന്നതിനായി കരാർ നൽകിയിരുന്നത് ശ്രീ. ബിജുകുമാർ എന്ന വ്യക്തിക്കായിരുന്നു. പ്രതിദിനം 1,100/-രൂപയ്ക്കായിരുന്നു (വാഹന വാടക, ഡ്രൈവറുടെ വേതനം, ഗോവണി) കരാർ നൽകിയിരുന്നത്.

19-12-22 ലെ 8 (1) കമ്മിറ്റി തീരുമാനപ്രകാരം, തെരുവ് വിളക്ക് മെയിന്റനൻസ് നടത്തുന്നതിന് 2021-22 ൽ കരാർ നൽകിയിരുന്ന ശ്രീ. ബിജുകുമാറിനെ 2022-23 ലും മുൻവർഷത്തെ കരാർ തുകയ്ക്ക് തുടരാൻ അനുവദിച്ചു.

എന്നാൽ 10.1.23 മുതൽ 10.3.23 വരെ 60 ദിവസം സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് നടത്തിയതിന് പ്രതിദിനം 1,100/- രൂപ ക്രമത്തിൽ 66,000/-രൂപ നല്കേണ്ടതിന് പകരം 1,200/- രൂപ ക്രമത്തിൽ 72,000/-രൂപ ശ്രീ. ബിജു കുമാറിന് അനുവദിച്ചു നൽകിയിരിക്കുന്നു. ആയതിനാൽ അധികമായി അനുവദിച്ച 6,000/- രൂപ (72000-66000) തിരികെ ഈടാക്കി ഒടുക്കുവരുത്തി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**നിരാകരിക്കുന്ന തുക – 6,000/- രൂപ.**

**ഓഡിറ്റ് എൻക്വയറി നം. – 19/31.10.2023.**

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 27/10/2023 | കെ.എസ്.എ.കെ.എൽ.എം.പി3/1845/23 തീയതി 21/11/2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 150000/- | അനുപൂരക പോഷകാഹാരം (പ്രോജക്ട് നം.21/23) | 150000/- | - |
| | | 1000000/- | ലൈഫ് ഭവനപദ്ധതി-എസ്.സി.-അഡീഷണൽ ലിസ്റ്റിലെ ഗുണഭോക്താക്കൾക്ക് വീട് (പ്രോജക്ട് നം. 33/23) | 1000000/- | - |
| | | 391810/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പ്രോജക്ട് നം. 87/23) | 391810/- | - |
| | | 200000/- | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം. 90/23) | 200000/- | |
| | | 1400000/- | ലൈഫ്-ഭവനപദ്ധതി-ജനറൽ (പ്രോജക്ട് നം. 96/23) | 1400000/- | |
| | | 1120000/- | ലൈഫ്-ഭവനപദ്ധതി-എസ്.സി.പി. (പ്രോജക്ട് നം. 98/23) | 1120000/- | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 86814/- | അനുപൂരക പോഷകാഹാരം (പ്രോജക്ട് നം.21/23) | 86814/- | |
| | | 190000/- | ലൈഫ്-ഭവനപദ്ധതി-ജനറൽ (പ്രോജക്ട് നം. 31/23) | 190000/- | |
| | | 820000/- | ലൈഫ് ഭവനപദ്ധതി-എസ്സ്.സി-അഡീഷണൽ ലിസ്റ്റിലെ ഗുണഭോക്താക്കൾക്ക് വീട് (പ്രോജക്ട് നം. 33/23) | 820000/- | |
| | | 153534/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പ്രോജക്ട് നം. 87/23) | 153534/- | |
| | | 22446/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പ്രോജക്ട് നം. 88/23) | 22446/- | - |
| | | 400000/- | ലൈഫ് ഭവനപദ്ധതി-എസ്സ്.സി (പ്രോജക്ട് നം. 98/23) | 400000/- | |
| | | 400000/- | അംഗൻവാടി കെട്ടിട നിർമ്മാണം (പ്രോജക്ട് നം. 139/23) | 400000/- | |
| | | 65000/- | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം. 90/23) | 65000/- | |

**4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| NREGA STATE MISSION | അംഗൻവാടി കെട്ടിട നിർമ്മാണം (പ്രോജക്ട് നം. 139/23) | 28/22.3.23 5685823/ 09.03.2023 | 4,00,000/- 2,00,000/- | -. | 4,00,000/- 2,00,000/- |

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-5 വായ്പ / വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 17,60,000/- രൂപ വരവുണ്ട്. മുൻബാക്കി 8,45,000/- രൂപയടക്കം 26,05,000 രൂപയിൽ 21,48,649/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO | ലഭ്യമല്ല. | 17,60,000/- | 4,59,08,000/- | 56,27,783/- | - | 4,20,40,217/- |

**4-6 സ്ഥിര നിക്ഷേപം**

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം ലഭിച്ച 2,768/-രൂപ വരവുണ്ട്. ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006/07 | 3.8, 3.9, 3.10, 3.11 | 2002 മുതൽ 2017 വരെ | 5.6.4 | ആട് വളർത്തൽ പദ്ധതി ക്രമക്കേട് | തുക കണ്ടുകെട്ടുന്നതിന് ഡിപ്പാർട്ട്മെന്റ് തല നടപടി സ്വീകരിച്ചു വരുന്നു. |
| 2007/08 | 3.7 | 2002 മുതൽ 2017 വരെ | 5.6.2(1) | മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങിയിട്ട് പണി നടത്തിയില്ല | ആർ.ആർ. നടപടി സ്വീകരിച്ചു വരുന്നു. |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

(എ) **ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

(ബി)**സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

എ) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 6,000/- | ശ്രീ. സജുകുമാർ വി. എസ്, സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 2,52,645/- | ഡോ. സുചിത്ര, മെഡിക്കൽ ഓഫീസർ, എഫ്,എച്ച്.സി. |
| 1-20 | 2,31,532/- | ഡോ. മനോജ് എസ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-21 | 6,00,000/- | ശ്രീ. സജുകുമാർ വി. എസ്, സെക്രട്ടറി |
| 1-27 | 17,760/- | **ശ്രീമതി. അമ്പിളി, അസി. എഞ്ചിനീയർ** |
| **ആകെ** | **11,01,937/-** | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. സുചിത്ര, മെഡിക്കൽ ഓഫീസർ | ഗവ. സി.എച്ച്.സി, അഞ്ചൽ | ഇളംപ്ലാവിൽ, കരിങ്ങന്നൂർ പി.ഒ, ഓയൂർ |
| ഡോ. മനോജ് എസ്, മെഡിക്കൽ ഓഫീസർ | ഗവ. ഹോമിയോ ഡിസ്പൻസറി, പേഴുംമൂട് | ഗൗരീശ മന്ദിരം, ഇലഞ്ഞിമൂട് ലെയിൻ, മെഡിക്കൽ കോളേജ്.പി.ഒ, തിരുവനന്തപുരം |
| ശ്രീ. സജുകുമാർ വി. എസ്, സെക്രട്ടറി | സെക്രട്ടറി, ചടയമംഗലം ഗ്രാമപഞ്ചായത്ത് | എസ്.വി. നിവാസ്, മുരളി ടെക്സ്റ്റയിൽസിനു സമീപം, വെഞ്ഞാറമൂട്-690505 |
| ശ്രീ. അരുൺ, വി.ഇ.ഒ. | വി.ഇ.ഒ, പൂതക്കുളം ഗ്രാമപഞ്ചായത്ത് | വടക്കേകല്ലുംപുറത്ത് വീട്, പരവൂർ |
| ശ്രീമതി. അമ്പിളി, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, പാറശ്ശാല ഗ്രാമപഞ്ചായത്ത് | ബി.കെ. നിവാസ്, ദേശമംഗലം, റസ്സൽ പുരം, തിരുവനന്തപുരം |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| **ഓഡിറ്റ് വർഷം** | **ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം** | **തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം** |
|---|---|---|
| 2000-01 | കെ.എസ്.എ.കെ.എൽ.എം.പി3/422(5)/18 /തീയതി, 13-4-2018 | 1 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി3/422(6)/18/തീയതി, 13-4-2018 | 3 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.പി3/422(7)/18/തീയതി,13-4-2018 | 6 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി3/422(8)/18//തീയതി,13-4-2018 | 12 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി3/422(9)/18/തീയതി, 13-4-2018 | 18 |

| | | |
|---|---|---|
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി7/819(1)/19/തീയതി,12-06-2019 | 7 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി7/819(2)/19/തീയതി, 12-06-2019 | 7 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി7/819(3)/19/തീയതി, 12-06-2019 | 4 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി7/819(4)/19/തീയതി, 12-06-2019 | 1 |
| 2010-11 & 2011-12 | കെ.എസ്.എ.കെ.എൽ.എം.പി3/ Adalath/2010-11&2011-12/ 1576/22 തീയതി,23.08.2022 | 2-1 (A),2-1 (B),3-1,3-2 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.എൽ.എം.പി3 / Adalath/2012-13 &2013-14/ 1576/22 തീയതി, 23.08.2022 | 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-13, 3-14, 3-15, 3-16 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി3/ Adalath/2014-15/1576/22 തീയതി,23.08.2022 | 2-1, 2-2, 2-3, 2-4, 2-5, 2-6,2-7, 3-1, 3-2, 3-3, 3-4,3-5, 3-6, 3-7, 3-8, 3-9, 3-10, |
| 2015-16 | കെ എസ് എ.കെ എൽ എം.പി-3/ Adalath/2015-16/1576/22 തീയതി,23.08.2022 | 2-1,3-2,3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2016-17 | കെ എസ് എ.കെ എൽ എം.പി-3/1320/2018/തീയതി,06-09-2018 | 10 |
| 2017-18 | കെ എസ് എ.കെ എൽ എം.പി-3/43/2019/തീയതി,09-10-2019 | 21 |
| 2018-19 | കെ എസ് എ.കെ എൽ എം.പി-3/1006/2020/തീയതി, 31-08-2021 | 13 |
| 2019-20 | കെ എസ് എ.കെ എൽ എം.പി-3/544/2022/തീയതി, 22-06-2022 | 12 |
| 2020-21 | കെ എസ് എ.കെ എൽ എം.പി-3/545/2022/തീയതി 17-06-2020 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ എസ് എ.കെ എൽ എം.പി-3/2394/2022/തീയതി 30-03-2023 | എല്ലാ ഖണ്ഡികകളും |

**ഡെപ്യൂട്ടി ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 11-07-2023 and submitted on 19-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Chadayamangalam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chadayamangalam Grama Panchayat for the year 2022-2023

**Date: 21/11/2023** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Chadayamangalam Grama Panchayat for the Year 2022-2023.

**1.Major Observations**

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit

    Comments relating to Ratios
    Comments relating to Notes to account

2. Amount not paid from treasury has not been excluded from Web Saankhya ACR

3. The Expenditure of various funds not match with AFS &Sulekha statement.
4. The Expenditure of CFC-Tied Grant not match with AFS.
5. Registers are not maintained -Advance Register, Deposit Register, Loan Repayment Register.
6. Life-State Share expenditure does not match with AFS.
7. The Expenditure of Jilla panchayat share not match with AFS.
8. The Closing Balance ofvarious accounts in AFS not reconcile with Bank book
9. Lack of authenticated records for verification.
10. Advance to implementing agencies not included in AFS.
11. Demand register not maintained properly-Auction Register,Prof.Tax register
12. Cheques uncashed for more than 3 months were not transfered to stale cheque account.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ചടയമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-3**
**അനുബന്ധപത്രികകൾ**

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.